ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) പ്രത്യേകപരിപാടിയൊന്നുമില്ല. സാമുദായിക പ്രാതിനിദ്ധ്യമനുസരിച്ചു് സർവ്വീസിലെ നിയമനക്കാര്യങ്ങളിൽ പിന്നോക്കസമുദായക്കാർക്കു വേണ്ടതു പ്രോത്സാഹനം നൽകുന്നുണ്ടു്.

(ബി) ഇല്ല.

മുൻ ഉത്തരത്തെ പരിഗണിച്ചു രണ്ടാംചോദ്യത്തിനു മറുപടി ആവശ്യമില്ല.

വ്യയനൂനീകരണവും ശമ്പളപരിഷ്കാരവും

*൯൨൯. (൫൨) ശ്രീമതി ദേവകീഗോപീദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) വ്യയനൂനീകരണം ഏർപ്പെടുത്തുമ്പോൾ ഇപ്പോഴത്തെ ശമ്പളസ്കെയിൽ പരിഷ്കരിക്കണമെന്നു സർവ്വെണ്ടു വിചാരിക്കുന്നുണ്ടോ;

(ബി) ഏറ്റവും കൂടിയതും കുറഞ്ഞതുമായ ശമ്പളം എന്തായിരിക്കണമെന്നാണു് സർവ്വെണ്ടിന്റെ ഉദ്ദേശമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) ഈ സംഗതി ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

വധശിക്ഷ

*൯൨൰. (൫൩) ശ്രീമതി ദേവകീഗോപീദാസു്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

വധശിക്ഷ നടപ്പിൽവരുത്തുന്നതിനു പൊതുജനാഭിപ്രായം അനുകൂലമോ പ്രതികൂലമോ എന്നു സർവ്വെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ഷാപ്പു ലേലം

*൯൨൱. (൫൪) സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൯-ൽ മകരമാസത്തിനുശേഷം കൊച്ചി പ്രദേശമെന്നു് അറിയപ്പെട്ടിരുന്ന സ്ഥലത്തിന്റെ ഭാഗത്തു് എത്ര പ്രാവശ്യം കള്ളുഷാപ്പുകളും, ചാരായ ഷാപ്പുകളും ലേലം വിളിക്കുകയുണ്ടായിട്ടുണ്ടു്;

(ബി) ഓരോ പ്രാവശ്യവും ലേലക്കാരെക്കൊണ്ടു് നഷ്ടോത്തരവാദത്തിൽ കച്ചീട്ടു വയ്പിക്കയുണ്ടായിട്ടില്ലേ;

(സി) വീണ്ടും ലേലംമൂലം കുറഞ്ഞുപോയിട്ടുള്ള ലേലസംഖ്യ ലേലക്കാരിൽനിന്നും കാരണമനുസരിച്ചു് ഈടാക്കുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ലേ;

(ഡി) പുനർ ലേലസംഖ്യകൂടി കുറഞ്ഞുപോയിട്ടുള്ളതിനാൽ നഷ്ടം വസൂൽ ചെയ്യേണ്ടതാണെന്നു്, കൊച്ചിയിലെ പ്രജാമണ്ഡലം സർവ്വെണ്ടുതന്നെ നടപടി ആരംഭിക്കയുണ്ടായിട്ടില്ലേ;

(ഇ) പുനർ ലേലങ്ങൾ നിമിത്തം കള്ളുഷാപ്പുകളും ചാരായഷാപ്പുകളും ഇവയുടെ ഇനത്തിൽ കൊച്ചി സർവ്വെണ്ടിനു ൧൧൨൮-ലെ വരവിനത്തിൽ എന്തു നഷ്ടം ലേലക്കാരിൽനിന്നും വസൂലാക്കേണ്ടതായി കണ്ടു് നടപടി ആരംഭിച്ചിട്ടുണ്ടു്;

(എഫ്) ആ സംഖ്യയിൽ ഇപ്പോൾ ഏതാണ്ടുമോ മുഴുവനുമോ വിട്ടുകൊടുത്തിട്ടുണ്ടോ;

(ജി) തന്മൂലം ആകെക്കൂടെ എത്ര വീതം സംഖ്യ ലാഭം കിട്ടിയിട്ടുണ്ടു്;

(എച്ചു്) ലേലക്കാരുടെ പേരും, ഓരോ ഷാപ്പിനും സർവ്വെണ്ടിനും നഷ്ടം വന്നിട്ടുള്ള തുകയും പറയാമോ;

(ഐ) ഈയിനത്തിൽ, ഇപ്പോൾ സർവ്വെണ്ടു് ലേലക്കാർക്കു വിട്ടുകൊടുത്തിട്ടുള്ള തുകയെന്തു്?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) രണ്ടു പ്രാവശ്യം ൧൧൨൮-ാമാണ്ടത്തേക്കുള്ള ഷാപ്പുകളും ലേലം വിളിക്കയുണ്ടായിട്ടുണ്ടു്.

(ബി) ഉണ്ടായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly